**ഗവൺമെന്റ് പ്രമേയം**

## അർഹരായ മുഴുവൻ ജനങ്ങളെയും റേഷൻ സമ്പ്രദായത്തിന്റെ പരിധിയിലുൾപ്പെടുത്താനുള്ള നടപടി

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, രാജ്യത്ത് ആദ്യമായി സാർവ്വത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ജനങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യഭദ്രത പ്രദാനം ചെയ്യുന്നതിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം വലിയ പങ്കുവഹിച്ചിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാകുന്നതുവരെ കേരളത്തിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം നിലനിന്നിരുന്നു. കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി. കേരളത്തിലെ ജനസംഖ്യയുടെ 43 ശതമാനത്തിനുമാത്രമാണ് നിലവിൽ റേഷന് അർഹതയുള്ളതെന്നാണ് കേന്ദ്രസർക്കാർ കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത് പേർ മാത്രമാണ് നിലവിൽ റേഷൻ സമ്പ്രദായത്തിനുകീഴിൽ

വരുന്നത്. ഇതോടെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ആനുകൂല്യത്തിന് അർഹരാകാൻ യോഗ്യതയുള്ള അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾ മുൻഗണന പട്ടിക പ്രകാരമുള്ള റേഷൻ സമ്പ്രദായത്തിന് പുറത്തായിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, കേന്ദ്രസർക്കാർ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി കേരളത്തിലെ അർഹരായ മുഴുവൻ ജനവിഭാഗങ്ങളെയും റേഷൻ സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി മുൻഗണന കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മാർച്ച് 2023 വരെ നിർത്തലാക്കിയ ടൈഡ് ഓവർ ഗോതമ്പ് വിഹിതം, മുൻവർഷങ്ങളിൽ നിരന്തരമായി വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം എന്നിവ പുനഃസ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട ആറ് അംഗങ്ങൾ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. അതിൽ ചില ഭേദഗതികൾ ഇതിന്റെ ആശയത്തിനകത്തുനിന്ന് വന്നിട്ടുള്ളതായതുകൊണ്ട് അത് ഉൾക്കൊള്ളാവുന്ന

വിഷയങ്ങളാണ്.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ഒന്നാം ഖണ്ഡികയുടെ അവസാന ഭാഗത്ത് അച്ചടി പിശകായി വന്നിട്ടുള്ള 'അരലക്ഷത്തോളം പേര്' എന്നത് 'അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾ' എന്ന് മാറ്റണം.

2. 'കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണന വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി' എന്ന വാചകം ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തണം.

   'ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണന വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തി'.

3. പ്രമേയത്തിന്റെ രണ്ടാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ 'എന്നിവ' യ്ക്കുശേഷം 'അടിയന്തരമായി' എന്ന് ചേർക്കണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ "പുനഃസ്ഥാപിക്കണമെന്നും" എന്ന വാക്കിനുപകരം "പുനഃസ്ഥാപിക്കുന്നതോടൊപ്പം" എന്ന് ചേർത്തതിനുശേഷം "മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ" എന്നത് കൂട്ടിച്ചേർക്കണം.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.